കേരള സർക്കാർ

www.lfa.kerala.gov.in

# തരിയോട് ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

വയനാട് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dowyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി).പി.1/772/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൽപ്പറ്റ,വയനാട്
ഫോൺ: 04936 203672
ഇ-മെയിൽ: dpwyd.ksad@kerala.gov.in
തീയതി: 05.12.2016.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന )

തരിയോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തരിയോട് ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ്

ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തരിയോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-2 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-3 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :</u>

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്.

നം .കെ.എസ്.എ.(ഡബ്ല്യു.വൈ.ഡി).പി.1/772/2016 തിയ്യതി: 05.12.2016.

## വയനാട് ജില്ലയിലെ തരിയോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ തരിയോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 31.03.2016 തിയ്യതി വരെയുമുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട്

ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ | ശ്രീ.ചക്രേശ്വര. ആർ, ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 31.10.2016 മുതൽ<br>10.11.2016 വരെ |

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി വസന്ത. പി.എസ്.<br>ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) |
| | ശ്രീ.ഷാജി., സീനീയർ ഗ്രേ ഓഡിറ്റർ |
| | ശ്രീമതി. ഇന്ദു. കെ. നായർ,, ഓഡിറ്റർ |

(ബി) നിർവഹണ അധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ .സി.ടി.ചാക്കോ | 01.04.15 മുതൽ 31.10.15 വരെ |
| | ശ്രീമതി റീന സുരേഷ് | 12.11.15 മുതൽ 31.03.16 വരെ |
| വൈസ് പ്രസിഡന്റ് | ശ്രീമതി ഷീജ ആന്റണി | 01.04.15മുതൽ 31.10.15 വരെ |
| | ശ്രീ കെ .വി. ചന്ദ്രശേഖരൻ | 12.11.15 മുതൽ 31.03.16 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ(വികസന കാര്യം) | ശ്രീ എം .എ ജോസഫ് | 01.04.15മുതൽ 31.10.15 വരെ |
| | ശ്രീമതി സിന്ധു ഷിബു | 12.11.15 മുതൽ 31.03.16 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ(ക്ഷേമകാര്യം) | ശ്രീമതി മൈമൂന എടങ്ങോളി | 01.04.15മുതൽ 31.10.15 വരെ |
| | ശ്രീ സി . ടി ചാക്കോ | 02.11.15 മുതൽ 31.03.16 വരെ |

| | | |
|---|---|---|
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (ആരോഗ്യം വിദ്യാഭ്യാസം) | ഷിബു വി ജെ | 01.04.15മുതൽ 31.10.15 വരെ |
| | ശ്രീമതി ഷീജ ആന്റണി | 2.11.15 മുതൽ 31.10.16 വരെ |
| സെക്രട്ടറി | ശ്രീ എ . ആർ ജയകൃഷ്ണൻ | 01.04.15 മുതൽ 02.03.16വരെ |
| സെക്രട്ടറി (അഡീഷണൽ ചാർജ്ജ്) | ശ്രീ അനിൽ രാമകൃഷ്ണൻ | 02.03.16മുതൽ 31.03.16 വരെ |

(സി) നിർവഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (സി. എച്ച്. സി ചെന്നലോട്) | ഡോ. സുരേശൻ | 01.04.15 മുതൽ 24.05.15വരെ |
| | ഡോ. സലില | 25.05.15 മുതൽ 20.11.15വരെ |
| | ഡോ. കിഷോർ | 20.11.15 മുതൽ16.01.16 വരെ |
| | ഡോ. വിജേഷ് | 16.01.16 മുതൽ 31.03.16വരെ |
| മെഡിക്കൽഓഫീസർ (ഹോമിയോ) | ഡോ. നഫീസ പി | 01.04.15മുതൽ 22.06.15 വരെ |
| | ഡോ.ബേബി സന്തോഷ് | 23.06.15മുതൽ 03.12.15 വരെ |
| | ഡോ. സുരേഷ് | 03.12.15 മുതൽ 31.03.16 വരെ |
| മെഡിക്കൽഓഫീസർ (ആയുർവേദം) | ഡോ. രമ്യ | 01.04 .15 മുതൽ31.03.16 വരെ |
| വി ഇ ഒ | ശ്രീമതി.അർഷിദ പി.സി | 01.04.15 മുതൽ 31.03.16 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ചിത്രു എ. ആർ | 01.04.15 മുതൽ 30.06.15 വരെ |
| | ശ്രീ ഈശ്വരപ്രസാദ് | 01.07.15 മുതൽ 31.03.16 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി. സിൽവിയ | 01.04.15 മുതൽ 31.03.16 വരെ |
| ടി . ഇ .ഒ | ശ്രീമതി. ശ്രീകല .ടി.പി | 01.04.15 മുതൽ31.03.16 വരെ |
| വെറ്ററിനറി സർജൻ | ഡോ. ജയേഷ്. വി | 01.04.15 മുതൽ 31.03.16 വരെ |

| | | |
|---|---|---|
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി.ബാവ.എം.സി | 01.04.15 മുതൽ 31.03.16 വരെ |
| അസി.എഞ്ചിനീയർ | ശ്രീ. മുനവർ കെ | 01.04.15 മുതൽ 31.03.16 വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2<br>വരവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നീരീക്ഷണങ്ങൾ | | |
| 12 | റഗുലറൈസേഷൻ ഫീസ് കുറവ് ഇടാക്കി | 2-1 | |
| 13 | മാവേലി സ്റ്റോറിൽ നിന്നും സ്ഥാപനനികുതി ഈടാക്കുന്നില്ല | 2-2 | |
| 14 | വസ്തുനികുതി - രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല | 2-3 | |
| | ഭാഗം 3<br>ചെലവുകണക്കുകളിൻമേലുള്ള ഓഡിറ്റ് നീരീക്ഷണങ്ങൾ | | |
| 15 | യാത്രാബത്ത മുൻകൂറുകൾ യഥാസമയം ക്രമീകരിക്കുന്നില്ല | 3-1 | |
| 16 | MPLADS 2014-15 ചെന്നലോട് ഹൈമാസ്റ്റ് സ്ഥാപിച്ചു - നിർദ്ദേശങ്ങൾ പാലിച്ചില്ല | 3-2 | |

| | | | |
|---|---|---|---|
| 17 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുക വിനിയോഗിച്ചിട്ടില്ല | 3-3 | |
| 18 | വെള്ളക്കരം - സംയുക്ത പരിശോധന നടത്തിയിട്ടില്ല | 3-4 | |
| 19 | മീഡിയാശ്രീ പദ്ധതിക്ക് തുക നൽകി - അനുബന്ധരേഖകൾ ഹാജരാക്കിയില്ല | 3-5 | |
| 20 | തെരുവ് വിളക്ക് വാങ്ങലും ,അറ്റകുറ്റ പണിയും - കെ .എസ് .ഇ .ബിയിൽ നിന്ന് ക്ലിയറൻസ് വാങ്ങിയില്ല | 3-6 | |
| 21 | പെയിന് & പാലിയേറ്റീവ് പരിചരണം - വാഹന വാടക നൽകൽ - ക്വട്ടേഷൻ നടപടി സ്വീകരിച്ചില്ല | 3-7 | |
| 22 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ - യഥാസമയം മരുന്ന് ലഭിക്കുന്നില്ല | 3-8 | |
| 23 | പൊതുമരാമത്ത് പ്രവൃത്തി - കാലാവധി ദീർഘിപ്പിക്കൽ - ക്രമവിരുദ്ധം | 3-9 | |
| 24 | കാവുംമന്ദം വനിതാ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം പണി പൂർത്തീകരിച്ചില്ല. | 3-10 | |
| 25 | കൊട്ടംചോല പൂളക്കുഴി കുടിവെള്ള പദ്ധതി - പൂർത്തീകരണ വിവരം ലഭ്യമല്ല . | 3-11 | |
| 26 | ആശ്രയ പദ്ധതി | 3-12 | |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 27 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 28 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 30 | വായ്പ /വായ്പ തിരിച്ചടവ് | 4-4 | |
| 31 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 32 | ഓഡിറ്റ് റിക്കവറി | 4-6 | |
| 33 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 26.03.2015ലെ 72/15-ാം തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 01.03.2016 ലെ 101/16-ാം തീരുമാനപ്രകാരവും അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എന്ട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് 4,49,64,937/- രൂപയും ചെലവ് 2,90,45,295/- രൂപയും യഥാർത്ഥ വരവ് 3,23,22,485/- രൂപയും, ചെലവ് 4,56,49,345/- രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.15 | 29.07.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | | ഓഡിറ്റ് സർട്ടിഫിക്കറ്റ് ഓഡിറ്റ് റിപ്പോർട്ടിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്. |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 24194442.6 രൂപ |

| | |
|---|---|
| വരവ് | 32322485 രൂപ |
| ആകെ | 56516927.6രൂപ |
| ചെലവ് | 45649345രൂപ |
| നീക്കിയിരിപ്പ് | 10867582.6രൂപ |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ട്രാൻസ്ഫർ ക്രെഡിറ്റ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2665298 | 0 | 2665298 | 9146736 | 0 | -6481438 | 100 |
| വികസനഫണ്ട് എസ്.സി.പി. | 271388 | 625000 | 896388 | 625000 | 0 | 271388 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 2657839 | 5022367 | 7680206 | 6181586 | 0 | 1498620 | 100 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 1433117 | 2893158 | 4326275 | 4326275 | 0 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 805796 | 1878028 | 2683824 | 2683824 | 0 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3273557 | 5860064 | 9133621 | 5441174 | 0 | 3692447 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 718983 | 718983 | 1437966 | 718983 | 0 | 718983 | 100 |
| എം.എൻ.ആർ.ഇ.ജി.എസ് | 251604 | 18729641 | 18981245 | 18975667 | 5578 | 0 | 99.9 |
| ജനറൽ പർപസ് ഗ്രാന്റ് | 1613435 | 3612713 | 5226148 | 4115100 | 1111048 | 0 | 78.74 |

| | | | | | | | |
|---|---|---|---|---|---|---|---|
| ബി ഫണ്ട് | 0 | 5901523 | 5901523 | 5901523 | 0 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 165 | 43490440 | 122 | 28059407 | 15 | 28 | 73.93 |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 5,04,291/- രൂപ (12.71%) കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2834803 | 2243512 | (-)591291 | (-)20.85% |
| നികുതിയേതര വരവുകൾ | 807787 | 895799 | (+)88012 | (+)10.89% |
| മറ്റുവരവുകൾ | 323174 | 322162 | (-)1012 | (-)0.31% |
| ആകെ | 3965764 | 3461473 | (-)504291 | (-)12.71 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 31 | 49080 |
| കർഷകതൊഴിലാളി പെൻഷൻ | 2528 | 2015370 |
| വിധവാപെൻഷൻ | 2841 | 2711120 |
| വാർദ്ധക്യകാലപെൻഷൻ | 2974 | 2718330 |
| വികലാംഗപെൻഷൻ | 966 | 1053350 |
| അവിവാഹിത പെൻഷൻ | 65 | 64760 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.11.2016 ഉച്ചയ്ക്ക് 2 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 25,125/- രൂപ (ഇരുപത്തി അയ്യായിരത്തി ഒരുനൂറ്റി ഇരുപത്തി അഞ്ച്) ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു .

## 1-10 ആഭ്യന്തരനിയന്ത്രണം.

കൃത്യമായി ഓഫീസ് മീറ്റിങ്ങുകൾ ചേർന്നിട്ടുണ്ട്. ഓഫീസ് ഓർഡർ നൽകിയിട്ടുണ്ട്. ജീവനക്കാരുടെ പ്രവർത്തന അവലോകനം നടത്തുന്നുണ്ട്. ഫ്രണ്ട് ഓഫീസിൽ ക്ലറിക്കൽ ജീവനക്കാരെ റൊട്ടേഷൻ അടിസ്ഥാനത്തിൽ നിയോഗിച്ചിട്ടുണ്ട്. ബോർഡുകൾ കാലികമാക്കിയിട്ടുണ്ട്. തപാൽ വിതരണം കാര്യക്ഷമമാണ്. കൈപ്പറ്റിയവരുടെ ഒപ്പ് സഹിതം വിതരണ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട് . ഓഫീസ് ഉത്തരവ് ബുക്കുകൾ സൂക്ഷിക്കുന്നുണ്ട്. വിടുതൽ ചെയ്യപ്പെടുന്ന ജീവനക്കാർ ചാർജ്ജ് ഹാൻഡ് ഓവർ രജിസ്റ്റർ പ്രകാരം ഫയലുകളും, രജിസ്റ്ററുകളും കൈമാറുന്നുണ്ട്. നിർവഹണ ഉദ്യോഗസ്ഥരുടെ യോഗംഎല്ലാ മാസവും വിളിച്ചു ചേർക്കേണ്ടതും, വികസന പദ്ധതികൾ അവലോകനം നടത്തേണ്ടതുമാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 . റഗുലറൈസേഷൻ ഫീ കുറവ് ഈടാക്കി

(1) കാവുംമന്ദം വില്ലേജിലിൽ 349/14 റീ സർവേയിൽപ്പെട്ട ശ്രീ തോമസ് മണ്ഡപത്തിൽ എന്നവരുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് നിലവിലുള്ള കെട്ടിടത്തിന്റെ മുകൾനിലയിൽ നിർമ്മാണം പൂർത്തികരിച്ച റസിഡൻഷ്യൽ കം ഷോപ്പിംഗ് കോംപ്ലക്സ് ക്രമവത്കരിച്ചതിന് റഗുലറൈസേൻ ഫീ ഈടാക്കിയതിൽ കുറവുണ്ട്. കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

(a)റസിഡൻഷ്യൽ ഏരിയ

പ്ലിന്ത് ഏരിയ : 63.2ച .മീ

(b)ഷോപ്പിംഗ് കോംപ്ലക്സ് ഏരിയ

പ്ലിന്ത് ഏരിയ റൂം നം1 : 2.22 X 4.55 =10.1 ച .മീ

ആകെ തറ വിസ്തീർണ്ണം = 73.3 ച .മീ

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2011 ചട്ടം 34 ഉപചട്ടം 2 കുറിപ്പ്(iii) പ്രകാരം ഒന്നിൽ കൂടുതൽ ഉപയോഗങ്ങളുള്ള ഏതെങ്കിലുമൊരു കെട്ടിടത്തിന്റെ സംഗതിയിൽ അതിന്റെ ഏറ്റവും നിയന്ത്രിതമായ ഗണത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. ടി ചട്ട പ്രകാരം മേൽകെട്ടിടത്തിന് വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് ബാധകമായ റഗുലറൈസേഷൻ ഫീസാണ് ഈടാക്കേണ്ടത്.

ആകെ പ്ലിന്ത് ഏരിയ = 73.3 ച .മീ

റഗുലറൈസേഷൻ ഫീസ്/ ച .മീ : 10/- രൂപ
(കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2011 ചട്ടം 137 ഉപചട്ടം 4 പ്രകാരം ക്രമവത്കരിക്കുന്നതിനുള്ള ഫീസ് പെർമിറ്റ് ഫീസിന്റെ ഇരട്ടിയായിരിക്കുന്നതാണ് . പഞ്ചായത്തിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ പെർമിറ്റ് ഫീസ് 5 രൂപയാണ് . )

ഈടാക്കേണ്ട ഫീസ് = 73.3X10 = 733/- രൂപ

ഈടാക്കിയ ഫീസ് = 220 രൂപ (11505100944/27.10.2015)

വ്യത്യാസം = 733-220 = 513/- രൂപ

(2) കാവുംമന്ദം വില്ലേജിലിൽ 476/1 റീ സർവേയിൽപ്പെട്ട ശ്രീ ബി.ജെ ജോർജ്ജ് എന്നവരുടെ ഉടമസ്ഥതയിലുള്ള സ്ഥലത്തെ വീട് ഹോം സ്റ്റേ ആക്കി തരം മാറ്റിയത് ക്രമവൽക്കരിക്കുന്നതിന് കുറഞ്ഞ നിരക്കിലാണ് റഗുലറൈസേഷൻ ഫീ ഈടാക്കിയത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്ലിന്ത് ഏരിയ : 161.35ച .മീ

റഗുലറൈസേഷൻ ഫീസ്/ ച .മീ : 10/- രൂപ

ഈടാക്കേണ്ട ഫീസ് = 161.35X10 = 1613.5 =1,614/- രൂപ

ഈടാക്കിയ ഫീസ് = 968/- രൂപ (11505101189/12.01.2016 )

വ്യത്യാസം = 1614- 968 = 648/- രൂപ

കുറഞ്ഞ നിരക്കിൽ റഗുലറൈസേഷൻ ഫീ ഈടാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിനെ തുടർന്ന് ശ്രീ വി.ജെ. ജോർജ്ജ് എന്നവരിൽ നിന്ന് 646/- രൂപയും (11605101337/07.11.2016) ശ്രീ തോമസ് മണ്ഡപത്തിൽ എന്നവരിൽ നിന്ന് 513/- രൂപയും (11605101357 /09.11.2016) ഈടാക്കിയിട്ടുണ്ട്.

## 2-2 മാവേലി സ്റ്റോറിൽ നിന്ന് സ്ഥാപന നികുതി ഈടാക്കുന്നില്ല

കെ.എസ്.ഇ.ബി, മാവേലി സ്റ്റോർ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽനികുതി ഈടാക്കണമെന്ന് പഞ്ചായത്ത് ഡയറക്ടർ 4.2.92 ലെ എം.സി-1 3142/92 നമ്പർ കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. 24.11.95 ന് 3298 /എൽ .2/95 നമ്പറിൽ തദ്ദേശ ഭരണ വകുപ്പ് സെക്രട്ടറി വൈദ്യുതി ബോർഡ് സെക്രട്ടറിക്ക് അയച്ച കത്തിൽ തൊഴിൽനികുതി ഒഴിവാക്കണമെന്ന ആവശ്യം സർക്കാർ നിരസിച്ചതായി അറിയിച്ചു. ആയതിനാൽ പഞ്ചായത്ത് പരിധിയിലുള്ള മാവേലി സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപനനികുതി ഈടാക്കേണ്ടതാണ്. എന്നാൽ 2013-14,2014-15,2015-16 വർഷങ്ങളിൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറിൽ നിന്ന് സ്ഥാപനനികുതി ഈടാക്കിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 5/15-16 തീ . 05.11.2016 ) നൽകിയ മറുപടിയിൽ 2013-14 രണ്ടാം അർദ്ധവർഷം മുതൽ ടി സ്ഥാപനം സ്ഥാപനനികുതി അടയ്ക്കുന്നതിന് വീഴ്ച വരുത്തിയിട്ടുണ്ടെന്നും കുടിശ്ശിക അടയ്ക്കുന്നത് ഓർമ്മിപ്പിച്ച് കൊണ്ട് എ5-1276/13-ാം നമ്പർ കത്ത് മുഖേന 25.03.2014, 15.10.2014, 01.02.2015, 18.03.2016, 25.06.2016 അറിയിച്ചെങ്കിലും നികുതി അടച്ചിട്ടില്ല. 12.05.2016ന് ഡിഡി 4-120/01 നമ്പർ കത്ത് പ്രകാരം സേവന മേഖലയിൽ പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനം എന്ന പരിഗണന നൽകി സ്ഥാപനനികുതിയിൽ നിന്ന് ഒഴിവാക്കണമെന്ന് മാവേലി സ്റ്റോർ മാനേജർ ആവശ്യപ്പെട്ടെങ്കിലും പഞ്ചായത്ത് ആയത് അംഗീകരിച്ചിട്ടില്ല. സ്ഥാപനനികുതി കുടിശ്ശിക സഹിതം ഈടാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 2-3 വസ്തുനികുതി രജിസ്ററർ തയ്യാറാക്കിയിട്ടില്ല

2015-16 വർഷത്തെ വസ്തുനികുതി രജിസ്ററർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ മറ്റ് അനുബന്ധ രേഖകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ 2013-14 വർഷം മുതലുള്ള പോസ്റ്റിംഗ്, മാപ്പിംഗ് എന്നിവ പൂർത്തീകരിക്കാത്തതിനാൽ ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല എന്നറിയിച്ചിട്ടുണ്ട്. ആയതിനാൽ തൻവർഷത്തെ വസ്തുനികുതി വരവിന്റെ കൃത്യത വാർഷിക ധനകാര്യ പത്രികയുമായി ഒത്തുനോക്കിയിട്ടില്ല.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 യാത്രാബത്ത മുൻകൂറുകൾ യഥാസമയം ക്രമീകരിക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് സെക്രട്ടറി വിവിധ ഔദ്യോഗിക യാത്രകൾ നടത്തുന്നതിന് മുൻകൂർ തുക മാറിയിട്ടുണ്ട്. കേരള ഫിനാൻഷ്യൽ കോഡ് വാല്യം II ആർട്ടിക്കിൾ 53(e) പ്രകാരം മുൻകൂർ അനുവദിച്ച് മൂന്ന് മാസത്തിനുള്ളിൽ യാത്രാബത്ത ക്ലെയിം ചെയ്യേണ്ടതാണ്. എന്നാൽ 8 മുതൽ 10 മാസം മുൻപ് വരെ അനുവദിച്ചിട്ടുള്ള മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല. മുൻകൂർ അനുവദിച്ചതിന്റെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ.നം | പേര് | ഇനം | തുക | വൗച്ചർ നം | തീയ്യതി |
|---|---|---|---|---|---|
| 1 | ശ്രീമതി.റീന സുനിൽ,പ്രസിഡണ്ട് | മുൻകൂർ യാത്രാപ്പടി | 1000 | 21500665 | 04.12.2015 |
| 2 | ശ്രീമതി.റീന സുനിൽ,പ്രസിഡണ്ട് | -ടി- | 500 | 21500818 | 14.01.2016 |
| 3 | ശ്രീ.എ.ആർ.ജയകൃഷ്ണൻ | -ടി- | 500 | 21500817 | 14.01.2016 |
| 4 | ശ്രീ.എ.ആർ.ജയകൃഷ്ണൻ | -ടി- | 500 | 21500851 | 21.01.2016 |
| 5 | ശ്രീമതി.റീന സുനിൽ,പ്രസിഡണ്ട് | -ടി- | 500 | 21500850 | 21.01.2016 |
| 6 | ശ്രീമതി.റീന സുനിൽ,പ്രസിഡണ്ട് | -ടി- | 500 | 21500917 | 01.02.2016 |
| 7 | ശ്രീ.എ.ആർ.ജയകൃഷ്ണൻ | -ടി- | 500 | 21500918 | 21.01.2016 |
| | ആകെ | | 4000 | | |

മുൻകൂറുകൾ ക്രമീകരിച്ചതിന്റെ വിവരം ഓഡിറ്റിന് നൽകേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതുമാണ് .

## 3-2 MPLADS - 2014-15-ചെന്നലോട് ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിച്ചു- നിർദ്ദേശങ്ങൾ പാലിച്ചില്ല.

ഗ്രാമപഞ്ചായത്തിലെ ചെന്നലോട് എന്ന സ്ഥലത്ത് ബഹു.എം.പി എം.ഐ.ഷാനവാസിന്റെ പ്രാദേശിക വികസനഫണ്ട് ഉപയോഗിച്ച് ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിച്ചിട്ടുണ്ട്. ജില്ലാ കളക്ടറുടെ 2.2.15 ലെ 128/15 /ADPO/DPO/WYD ഉത്തരവ് പ്രകാരം 5,85,000/-രൂപയുടെ ഭരണാനുമതി ലഭിക്കുകയും ഇത്രയും തുകയ്ക്കുള്ള സാങ്കേതികാനുമതി ELD-146/14-15 തീയ്യതി 09.02.2015 പ്രകാരം പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ ഡിവിഷൻ എക്സി.എഞ്ചിനീയർ നൽകുകയും ചെയ്തു. 11.02.15ന് ടെണ്ടർ ക്ഷണിച്ചു. ഇതിന്റെ വിവരം താഴെ കൊടുക്കുന്നു.

| സ്ഥാപനം | ക്വാട്ട് ചെയ്ത നിരക്ക് | വാറണ്ടി | അഭിപ്രായം |
|---|---|---|---|
| സോളനർജീസ്, പാലക്കാട് | 5,79,749 | 5 വർഷം | *ഇലക്ട്രിക്കൽ കോൺട്രാക്ടിംഗ് ലൈസൻസ് ഇല്ലാത്തതിനാൽ നിരസിച്ചു. |
| ബേസിൽ മാത്യു, ഇലക്ട്രിക്കൽ എഞ്ചിനീയർ, കൽപ്പറ്റ | 5% കൂടുതൽ | 1 വർഷം | ടെണ്ടർ നിരസിച്ചു |
| സി.പി.മാത്യു, ഇലക്ട്രിക്കൽ കോൺട്രാക്ടർ, കൽപ്പറ്റ | എസ്റ്റിമേറ്റ് | 2 വർഷം | ടെണ്ടർ അംഗീകരിച്ചു |

എസ്റ്റിമേറ്റ് നിരക്ക് രേഖപ്പെടുത്തിയ സി.പി.മാത്യു എന്നവർക്ക് ടെണ്ടർ നൽകി. 24.06.15 ന് പ്രവൃത്തി പൂർത്തീകരിച്ച് ബിൽ സമർപ്പിക്കുകയും നിയമാനുസൃത റിക്കവറികൾ വരുത്തി വൗച്ചർ നം.21500536/13.10.15

പ്രകാരം 5,41,371/- രൂപ അനുവദിച്ചു.

ഓഡിറ്റ് നിരീക്ഷണങ്ങൾ

(1) ടെണ്ടർ പരസ്യം പ്രകാരം 5 വർഷത്തെ വാറണ്ടിയോട് കൂടി ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ അംഗീകരിക്കുന്നതാണ്. എന്നാൽ ഇത്തരത്തിലുള്ള ടെണ്ടർ ലഭിച്ചിട്ടുണ്ടെങ്കിലും മേൽ * കാരണത്താൽ നിരസിച്ചിട്ടുണ്ട്. ടെണ്ടർ പരസ്യം പ്രകാരമുള്ള റിക്വയർമെന്റ് ലഭിക്കാത്തതിനാൽ റീ-ടെണ്ടർ നടത്താതെ 2 വർഷം വാറണ്ടിയുള്ള എസ്റ്റിമേറ്റ് നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചു.

(2) ജില്ലാ കളക്ടറിൽ നിന്നും 15.5.15 ന് ലഭിച്ച 789/15/ADPO/DPO/WYD കത്ത് പ്രകാരം മുൻ വർഷത്തെ അപേക്ഷിച്ച് പ്രവൃത്തി തുക കൂടുതലായതിനാൽ 5.85 ലക്ഷത്തിന്റെ ഈ പദ്ധതി നിർത്തിവെക്കാനും 5 വർഷത്തെ വാറണ്ടി ഉറപ്പാക്കാനും നിർദ്ദേശിച്ചിരുന്നു. ഇതിന് മറുപടിയായി പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുണ്ടെന്ന് കാണിച്ച് സെക്രട്ടറി 25.5.15 ന് എ2-2002/10 കത്ത് പ്രകാരം കളക്ടറെ അറിയിച്ചിട്ടുണ്ട്. എന്നാൽ മേൽ ഓഫീസിൽ നിന്നും നിർദ്ദേശം ലഭിക്കാതെ തുടർ നടപടികൾ സ്വീകരിച്ചു.

(3) ടെണ്ടർ നിരസിച്ച സോളനർജീസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ ഷെഡ്യൂൾ ഫയലിനൊപ്പമില്ല.

(4) സി.പി.മാത്യു, ഇലക്ട്രിക്കൽ കോൺട്രാക്ടർക്ക് തുക നൽകിയതിന്റെ വിവരം ഫയലിൽ ഇല്ല.

( 5 ) വാങ്ങലുകൾ അംഗീകരിച്ച പർച്ചേസിംഗ് കമ്മിറ്റിയുടെ തീരുമാനം എന്നിവ ഫയിലിൽ ഇല്ല.

മേൽ ഓഡിറ്റ് നിരീക്ഷണങ്ങൾക്ക് വിശദീകരണം നൽകണമെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല.

## 3-3 .സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച തുക വിനിയോഗിച്ചിട്ടില്ല.

2015-16 വർഷത്തിൽ പ്രഭാത ഭക്ഷണ പദ്ധതിക്കായി ജില്ലാ പഞ്ചായത്തിൽ നിന്നും ഗ്രാമപഞ്ചായത്തിന് ലഭിച്ച തുക മുഴുവനായും നിർവ്വഹണ ഉദ്യോഗസ്ഥന് നൽകാതെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട് . ഇതിന്റെ വിവരം താഴെ കൊടുക്കുന്നു.

| ലഭിച്ച തീയ്യതി | രസീത് നം/തീയ്യതി | ആരിൽ നിന്നും ലഭിച്ചു | ചെക്ക് നം/തീയ്യതി | തുക | ക്രഡിറ്റ് ചെയ്ത ബാങ്ക് അക്കൗണ്ട് |
|---|---|---|---|---|---|
| 4.6.15 | 1150540002 | D.D.E | 396579/31.3.15 | 188300 | 4080<br>കേരള ഗ്രാമീൺ ബാങ്ക് |
| 12.1.16 | 1150540019 | D.D.E | 396645/2.1.16 | 223020 | 4080<br>കേരള ഗ്രാമീൺ ബാങ്ക് |

ഗ്രാമപഞ്ചായത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെഡ് മാസ്റ്റർ നടപ്പിലാക്കിയ പ്രഭാത ഭക്ഷണം പ്രോജക്ട് സംയുക്ത പ്രോജക്ടായിട്ടല്ല തയ്യാറാക്കിയിട്ടുള്ളത് . സംയുക്ത പ്രേജക്ടുകൾക്കുള്ള മാർഗ്ഗരേഖ ജി.ഓ (ആർ.ടി) നം.192/2010/ത .സ്വ .ഭ.വ 19.02.2010) അനുസരിച്ച് സംയുക്ത പ്രേജക്ടായി ആവിഷ്കരിക്കാത്ത പ്രേജക്ടുകളുടെ വിഹിതം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സ്വീകരിക്കാൻ പാടുള്ളതല്ല.

ആകെ ലഭിച്ച 4,11,320 രൂപയിൽ 42,063 രൂപയും 188300 രൂപയും (ആകെ 230363 രൂപ ) നിർവ്വഹണ

ഉദ്യോഗസ്ഥയായ ഹെഡ് മിസ്ട്രസ്സിന് കൈമാറി . ഇതിൽ ചെലവഴിക്കാത്ത ബാക്കി തുക 41496/ രൂപ സെക്രട്ടറിക്ക് 29.09.15 ന് തിരിച്ച് നൽകുകയും ചെയ്തു . ഈ തുക സഹിതം 264516/രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട് . ഈ തുക നാളിതുവരെ ചെലവഴിക്കുകയോ തിരിച്ചടയ്ക്കുകയോ ചെയ്തിട്ടില്ല . തുക ജില്ലാ പഞ്ചായത്തിൽ തിരിച്ച് ഒടുക്കി വിവരം ഓഡിറ്റിന് നൽകേണ്ടതാണ് .

## 3-4 വെള്ളക്കരം-സംയുക്ത പരിശോധന നടത്തിയിട്ടില്ല

2015-16 വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം 45,938/-രൂപ നിരക്കിൽ 5,51,256/- രൂപ ഒടുക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് പ്രകാരം പ്രസ്തുത വർഷം 105 ടാപ്പുകൾക്കാണ് ടാപ്പൊന്നിന് 5,250/- രൂപ നിരക്കിൽ മേൽ തുക അടച്ചത്. വെള്ളക്കരം അടവ് സംബന്ധിച്ച സർക്കാർ ഉത്തരവ് നം.(ആർ.ടി)2242/2011/ത.സ്വ.ഭ.വ. തീയ്യതി 28.09.2011 പ്രകാരം തദ്ദേശ സ്ഥാപനവും വാട്ടർ അതോറിറ്റിയും സംയുക്ത പരിശോധന നടത്തേണ്ടതുണ്ട്. ഓഡിറ്റ് വർഷം സർക്കാർ നിർദ്ദേശപ്രകാരമുള്ള സംയുക്ത പരിശോധന നടത്തിയിട്ടില്ല. ആയതിനാൽ വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് പ്രകാരമുള്ള വെള്ളക്കരമാണ് മാസംതോറും ഗ്രാമപഞ്ചായത്ത് അടച്ചു കൊണ്ടിരിക്കുന്നത്. സംയുക്ത പരിശോധന നടത്തി വിവരം ഓഡിറ്റിന് നൽകേണ്ടതാണ്.

## 3-5 മീഡിയാശ്രീ പദ്ധതിയ്ക്ക് തുകനൽകി - അനുബന്ധ രേഖകൾ ലഭ്യമല്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വകയിരുത്തിയ തുക - 65,000/ രൂപ. പ്ലാൻ ജനറൽ

ചെലവ് - 65,000/ രൂപ (ബിൽ നം. 9/11-9-15 തുക-50,000/രൂപ) (ബിൽനം.10/11-9-15തുക-15,000/രൂപ)

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെചരിത്രവും വർത്തമാനവും, പദ്ധതികളും നിലവിലെ ഭരണസമിതിയുടെ നേട്ടങ്ങളും ഡോക്യുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുക എന്നതാണ് മീഡിയാശ്രീ പദ്ധതിയുടെ ലക്ഷ്യം. കുടുംബശ്രീ സംസ്ഥാന മിഷൻ നടത്തുന്ന മീഡിയാശ്രീ പദ്ധതിയുടെ നിർവ്വഹണ ഏജൻസി സൗത്ത് ഏഷ്യൻ കോളേജ് എന്ന സ്ഥാപനമാണ്.

പ്രസ്തുത പദ്ധതിയ്ക്ക് ഒന്നാം കക്ഷിയായി പഞ്ചായത്ത് സെക്രട്ടറിയും, രണ്ടാം കക്ഷിയായി കുടുംബശ്രീ സംസ്ഥാന മിഷൻ എക്സി. ഡയറക്ടർക്ക് വേണ്ടി വയനാട് കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്ററും കരാറിൽ ഏർപ്പെടേണ്ടതും, ഒന്നാം കക്ഷിയായ പഞ്ചായത്ത് സെക്രട്ടറി സ്ഥാപനത്തെ സംബന്ധിച്ച ഡോക്യുമെന്ററി ചിത്രത്തിന്റെ തിരക്കഥ തയ്യാറാക്കി അംഗീകരിച്ച് കുടുംബശ്രീ സംസ്ഥാന മിഷൻ എക്സി. ഡയറക്ടർക്ക് നൽകുന്ന പക്ഷം നിർവ്വഹണ ഏജൻസിയായ സൗത്ത് ഏഷ്യൻ കോളേജ് എന്ന സ്ഥാപനം പഞ്ചായത്തിനെകുറിച്ചുള്ള ഡോക്യുമെന്ററി ചിത്രത്തിന്റ ഷൂട്ടിംഗ് നടത്തി ആയതിന്റെ പകർപ്പ് (പതിനൊന്ന് കോപ്പി) പഞ്ചായത്തിന് നൽകണം. എന്നാൽ പഞ്ചായത്ത് സെക്രട്ടറിയും, കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്ററും കരാറിൽ ഏർപ്പെട്ടതിന്റെ രേഖ, ഡോക്യുമെന്ററി ചിത്രത്തിന്റ കോപ്പി ഇവയൊന്നും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ മുൻകൂർ നൽകിയ തുക 65,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-6 തെരുവ് വിളക്ക് വാങ്ങലും,അറ്റകുറ്റ പണിയും -കെ എസ് ഇ ബി യിൽ നിന്നും ക്ലിയറൻസ് വാങ്ങിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

വകയിരുത്തിയ തുക - 2,00,000/ രൂപ. (പ്ലാൻ ജനറൽ )

ചെലവ് - 1,88,256/രൂപ.(ബിൽ നം. 32/29-3-16)

പ്രോജക്ട് ലക്ഷ്യം - നിലവിൽ കേടായ ലൈറ്റുകൾ മാറ്റി പുതിയ37 എൽ ഇ ഡി വിളക്കുകൾ സ്ഥാപിക്കൽ.

ക്രൂസിൽ നിന്നും 37 എൽ ഇ ഡി വിളക്കുകൾ വാങ്ങിയതിന് ഒന്നിന് 4,988/- രൂപ+ 100/-രൂപ ഇൻസ്റ്റലേഷൻ ചാർജ്ജ് = 1,88,256/- രൂപ (5088x37) നൽകിട്ടുണ്ട്. (ഡി ഡി നം.820030/29-4-16). ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. കെ എസ് സി ബിയിൽ നിന്നും ക്ലിയറൻസ് വാങ്ങാതെയാണ് സപ്ലൈ ഓർഡർ നൽകിയത് (19-3-2016) സ.ഉ (സാധ)നം 3140/2015/ ത.സ്വ.ഭ.വ തിയ്യതി 16-10-15 കാണുക.
2. എതൊക്കെ വാർഡുകളിൽ ഏതൊക്കെ പോസ്റ്റുകളിലാണ് എൽ ഇ ഡി വിളക്കുകൾ സ്ഥാപിച്ചത് എന്ന് വ്യക്തമല്ല. ഏഴ് സ്ഥലങ്ങളിൽ മാറ്റി സ്ഥാപിച്ച എന്ന് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട് (സ്ഥലത്തിന്റെ പേര് മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളു). മെമ്പർമാരുടെ സാക്ഷ്യപത്രം ഫയലിലില്ല .

അപാകങ്ങൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നറിയിച്ച കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (13/4-11-16)മറുപടി ലഭിച്ചില്ല. ചെലവഴിച്ച തുക 1,88,256/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-7 . പെയ്ൻ & പാലിയേറ്റിവ് പരിചരണം-വാഹന വാടക നൽകൽ-ക്വട്ടേഷൻ നടപടി സ്വീകരിച്ചില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ സി എച്ച് സി

പെയ്ൻ & പാലിയേറ്റിവ് പരിചരണത്തിന്റെ ഭാഗമായി ഭക്ഷണം, ഹോണറേറിയം, വാഹന വാടക എന്നിവയ്ക്കായി പ്രോജക്ട് നം. 162/16 പ്രകാരം 3,50,000/ രൂപ (പ്ലാൻ-ജനറൽ) വകയിരുത്തിയിട്ടുണ്ട്. ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ | പിൻവലിച്ച തുക | അഭിപ്രായം |
|---|---|---|
| 1/15-16/18-8-15 | 61,437/- | പ്രസ്തുത തുകയിൽ വാഹന വാടകയിനത്തിലുള്ള ചെലവ്- 21,000/- രൂപ |
| 2/15-16/31-12-15 | 62,467/- | -ടി- 24,000/- രൂപ |
| 3/15-16-10-2-16 | 60,699/- | -ടി- 23,000/- രൂപ |
| 4/15-16-29-3-16 | 1,65,397/- | -ടി- 27,000/- രൂപ |
| ആകെ | 3,50,000/- | 95,000/- രൂപ |

ഫയൽ പരിശോധിച്ചതിൽ പരിചരിക്കപ്പെട്ട രോഗികളുടെ വിവരം, പരിചരണ ഗ്രൂപ്പിൽ ഉൾപ്പെട്ടവരുടെ വിവരം, വാഹന വാടകയുമായി ബന്ധപ്പെട്ട ക്വട്ടേഷൻ ഫയൽ ഇവയൊന്നും ലഭ്യമാക്കിയിട്ടില്ല. നിലവിൽ 1,000/- രൂപ നിരക്കിലാണ് വാഹന വാടക നൽകിവരുന്നത്. ക്വട്ടേഷൻ വിളിച്ച് ഏൽപ്പിക്കുകയാണെങ്കിൽ കുറഞ്ഞ നിരക്കിൽ ഏറ്റെടുക്കാൻ ഒരുപക്ഷെ സാധിക്കുമായിരുന്നു. രേഖകളുടെ അഭാവത്തിൽ ചെലവഴിച്ച തുക 3,50,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങൽ - യഥാസമയം മരുന്ന് ലഭിക്കുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ ഹോമിയോ

2015-16 സാമ്പത്തിക വർഷം തരിയോട് ഗവ:ഹോമിയോ ആശുപത്രിയിലേയ്ക്കും എൻ.ആർ.എച്ച്.എം. ഡിസ്പെൻസറിയിലേയ്ക്കും മരുന്ന് വാങ്ങുന്നതിനായി 1,00,000/- രൂപ (പ്രോജകറ്റ് നം.161/16 തുക50,000/-, 178/16

തുക50,000/- എന്നിവപ്രകാരം ) ഹോംകോസ്റ്റ് നൽകിയിട്ടുണ്ട് (ഡിഡി നം. 559206/1-2-2016 -തുക 50,000/-, ഡിഡി നം. 559222/29-2-2016 -തുക50,000/-).

ഇൻഡന്റ് പ്രകാരം ആവശ്യപ്പെട്ട മരുന്നുകൾ ലഭിച്ചത് 29-8-2016 ന് മരുന്ന് വാങ്ങുമ്പോൾ സമയപരിധിയ്ക്കകം ലഭ്യമാക്കാൻ കരാറിൽ വ്യവസ്ഥചെയ്യണം. ഇതു സംബന്ധിച്ച് വിതരണ ഏജൻസിയുമായി കരാറിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ എഗ്രിമെന്റ് വെച്ചിട്ടില്ല. വിതരണ ഏജൻസിയുമായി കരാറിൽ ഏർപ്പെടാത്തതിനാൽ നിയമനടപടികൾക്ക് തടസ്സമുണ്ടാകുന്നു. പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭിച്ചിട്ടില്ല. അവശ്യമരുന്നുകൾ വിതരണം ചെയ്യുന്നതിൽ കാലതാമസം ഒഴിവാക്കേണ്ടതാണ് .

## 3-9 പൊതുമരാമത്ത് പ്രവൃത്തി- കാലാവധി ദീർഘിപ്പിക്കൽ -ക്രമ വിരുദ്ധം

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ

ചുവടെ പറയുന്ന പ്രവൃത്തി പൂർത്തികരണത്തിന് അർഹമായതിലും അധിക സമയം അനുവദിച്ചുനൽകിയിട്ടുണ്ട്. പിഴ ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റിന്റെ നമ്പർ | എസ് 204/15 |
| പ്രോജക്റ്റിന്റെ പേര് | മാർക്കറ്റ് കെട്ടിടം വയറിംഗ് |
| നിർവ്വഹണം | അസി. എഞ്ചിനിയർ |
| അടങ്കൽ | 1,07000/- രൂപ -പ്ലാൻ ജനറൽ |
| ചെലവ് | 1,04,662/രൂപ ബിൽ നം.97/31-3-2016 |
| അളവ് പുസ്തകം | 278/14-15(പേജുകൾ 01-18) |
| കരാറുകാരൻ | സുന്ദർമോഹൻ |
| കരാർ നമ്പർ | 48/13-14 തിയതി 20-2-2015<br>(എസ്റ്റിമേറ്റ് നിരക്കിൽ) |
| പൂർത്തികരണ കാലാവധി | രേഖപ്പെടുത്തിടിട്ടില്ല. |
| സൈറ്റ് കൈമാറിയത് | 20-2-2015 |
| പൂർത്തികരിച്ചത്/ചെക്ക്മെഷർ | 18-2-2016 |

ഫയൽ പരിശോധിച്ചതിൽ പ്രവൃത്തി പൂർത്തികരണത്തിന് സമയം ആവശ്യപ്പെട്ടുകൊണ്ടുള്ള കരാറുകാരൻ അപേക്ഷ സമർപ്പിച്ചത് 4-2-16 (പത്ത് ദിവസത്തേയ്ക്ക് ദീർഘിപ്പിച്ചുകിട്ടുന്നതിന്). അപേക്ഷയിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 2112(1) അനുസരിച്ച് പൂർത്തികരണ കാലാവധി പിഴ ഈടാക്കിക്കൊണ്ടാണ് ദീർഘിപ്പിക്കേണ്ടത്. അതായത് നിശ്ചിത കാലാവധിയുടെ 20% സമയം പിഴയില്ലാതെയും, കൂടുതലായി വരുന്ന അധിക സമയം പിഴയോടുകൂടിയും അനുവദിക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്. നടപടി ക്രമം പാലിച്ചിട്ടില്ല. പൂർത്തീകരണ കാലാവധി കരാറിൽ വ്യവസ്ഥ ചെയ്തിട്ടില്ല. പരാമർശം സംബന്ധിച്ച വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 1,04,662/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 കാവുംമന്ദം വനിതാ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടം പ്രവർത്തി പൂർത്തികരിച്ചിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനിയർ

2013-14 സാമ്പത്തിക വർഷം ആരംഭിച്ച പ്രവൃത്തി ഇതുവരേയും പൂർത്തികരിച്ചിട്ടില്ല. പ്രസ്തുത കെട്ടിടത്തിന് ചുവടെപ്പറയുന്ന പ്രോജക്ടുകൾ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

എ) ഒന്നാം ഘട്ടം(2014-15)

| | |
|---|---|
| പ്രോജക്ട് നമ്പർ | 197/2014 |
| വകയിരുത്തിയ തുക | 12,50,000(പഞ്ചായത്ത് വിഹിതം 1,25,000+പശ്ചിമഘട്ട വികസനഫണ്ട് 10,00,000+ഗുണഭോക്തൃ വിഹിതം 1,25,000) |
| കൺ വീനർ | ഷെമിം പാറക്കണ്ടി |
| എഗ്രിമെന്റ് നമ്പർ | 46/13-14 തിയ്യതി 5-3-2014 |
| എം ബുക്ക് | 314/14-15,280/14-15, 362/14-15 |
| പ്രവൃത്തിമൂല്യം വാറ്റ് ഉൾപ്പെടെ | 12,31,637(10,66,353+1,65,284) |
| ഡി ഡി നം. | 558880/20-3-15, 558977/27-4-16 |

ബി) രണ്ടാം ഘട്ടം(2015-16)

| | |
|---|---|
| പ്രോജക്ട് നമ്പർ | 14/2016 |
| വകയിരുത്തിയ തുക | 12,50,000/- (പഞ്ചായത്ത് വിഹിതം 1,25,000+ പശ്ചിമ ഘട്ട വികസന ഫണ്ട് 10,00,000+ ഗുണഭോക്തൃ വിഹിതം 1,25,000) |
| കൺവീനർ | ഷെമിം പാറക്കണ്ടി |

| | |
|---|---|
| എഗ്രിമെന്റ് നമ്പർ | 43/14-15 തിയ്യതി 210-2-2015 |
| എം ബുക്ക് | 315/14-15,285/14-15, 363/14-15 |
| പ്രവൃത്തിമൂല്യം വാറ്റ് ഉൾപ്പെടെ | 12,52,308(10,84,250+1,57,216) |
| ഡി ഡി നം. | 559217/10-2-16, 820005/11-4-16 |

സി)-വൈദ്യുതീകരണം

| | |
|---|---|
| പ്രോജക്ട് നമ്പർ | 15/2016 |
| വകയിരുത്തിയ തുക | 1,00,000 പ്ലാൻ ജനറൽ |
| കോൺട്രാക്ടർ | എം ആർ സുരേന്ദ്രൻ |
| എഗ്രിമെന്റ് നമ്പർ | 52/15-16 തിയ്യതി 30-12-2015 |
| എം ബുക്ക് | 213/15-16 |
| പ്രവൃത്തിമൂല്യം | 97,756-(ബിൽ നം . 50/29-2-16) |

ബഹുവർഷ പ്രോജക്ടായല്ല പ്രവൃത്തി നടപ്പിലാക്കിയത്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ ജി ഒ (എം എസ് )395/2013 തസ്വഭവ തിയതി 30-12-2013 പ്രകാരം നിർമ്മാണ പ്രവൃത്തി പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചുകാണുന്നില്ല. കെട്ടിട നിർമ്മാണ പ്രോജക്ട് തയ്യാക്കുമ്പോൾ പ്രസ്തുത കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ ഏതെല്ലാം പ്രവൃത്തികൾ ആവശ്യമാണോ അതെല്ലാം പ്രോജക്ടിൽ നിർബന്ധമായും ഉൾപ്പെടുത്തി ഓരോയിനം പ്രവൃത്തിയ്ക്കും (ഇലക്ട്രിഫിക്കേഷൻ,പ്ലംബിംഗ്) എസ്റ്റിമേറ്റിൽ ലംപ്സമായി തുക വകയിരുത്തേണ്ടതുമാണ്. തുകയ്ക്ക് അനുസൃതമായി ഒരു കെട്ടിടത്തിന്റെ ഭാഗീകമായ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുവാനോ അഥവാ തയ്യാറാക്കിയെങ്കിൽ അതിന് അംഗീകാരം നൽകുവാനോ പാടില്ല. തുകയുടെ പരിമിതിയുണ്ടെങ്കിൽ ബഹുവർഷ പ്രോജക്ടായാണ് ഏറ്റെടുക്കേണ്ടത്. മാത്രമല്ല വലിയതുക അടങ്കലുള്ളതും, ഏക വർഷം പൂർത്തികരിക്കാത്തതുമായ പ്രവൃത്തി ഫയലിനോടൊപ്പം നോട്ട് ഫയൽ സൂക്ഷിക്കേണ്ടതാണ്. നടപടിക്രമങ്ങൾ പാലിച്ചില്ല. വിശദമായ മറുപടി, കെട്ടിടത്തിന്റെ പൂർത്തികരണവിവരം എന്നിവ അറിയിക്കേണ്ടതാണ്.

## 3-11. കൊട്ടംചോല പൂളക്കുഴി കുടിവെള്ള പദ്ധതി പൂർത്തികരണ വിവരം ലഭ്യമല്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി.എഞ്ചിനിയർ

പ്രസ്തുത പ്രവൃത്തിയ്ക്ക് ചുവടെപ്പറയും വിധം പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്.

എ) 2014-15 സാമ്പത്തിക വർഷം പ്രോജക്ട് നം.104/16 പ്രകാരം 1,50,000/- രൂപ (ടി എസ് പി) വകയിരുത്തി. എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി-മൺപ്പണി, പൈപ്പ് ലൈൻ സ്ഥാപിക്കൽ(63mm), മോട്ടോർ &പമ്പ്സെറ്റ് അക്സസറീസ്.

കൺവീനർ - ചന്തു കൊട്ടംഞ്ചോല
എഗ്രിമെന്റ് നം. - 75/14-15,തിയ്യതി 28-3-15

പ്രസ്തുത വർഷം കറണ്ട് കണക്ഷന് കെ എസ് ഇ ബിയിൽ ഒടുക്കേണ്ട തുക 28,100/- രൂപ. പ്രസ്തുത വർഷം ഒടുക്കിയ 25,300/ രൂപ (ഡി ഡി നം.98090/7-4-15,വൗച്ചർ നമ്പർ 54/25-3-15) മാത്രമാണ്

തൻവർഷത്തെ ചെലവ്.

ബി) 2015-16 സാമ്പത്തിക വർഷം പ്രോജക്റ്റ് നം.104/16 പ്രകാരം വകയിരുത്തിയ തുക 2,50,000/രൂപ (ടി എസ് പി)

കൺവീനർ - ചന്ദു കൊട്ടുംഞ്ചോല .

എഗ്രിമെന്റ് നം. - 41/14-15,തിയ്യതി 3-10-15

എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി-മൺപണി, പൈപ്പ് ലൈൻ സ്ഥാപിക്കൽ(40mm,32mm,20mm) റോഡ് കട്ടിംഗ് ചാർജ് PWD ലേയ്ക്ക് ഒടുക്കൽ, കെ എസ് ഇ ബി ചാർജ്ജ് ഒടുക്കൽ. പ്രസ്തുത പ്രോജക്റ്റ് പ്രകാരമുള്ള ചെലവ് ചുവടെ ചേർക്കുന്നു.

ഡിഡി നം.770292/17-3-16, തുക - 38,640/-(ബിൽ നം.59/27-3-16) ബേം കട്ടിംഗ് ചാർജ്- കൽപ്പറ്റ റോഡ് ഡിവിഷൻ എക്സി.എഞ്ചിനിയർക്ക് നൽകി. 2,800/- രൂപ കറണ്ട് കണക്ഷൻ. ബാക്കി തുക കെ എസ് ഇ ബിയിലേക്ക് ഒടുക്കി. (ബിൽ നം. 27/23-12-15) അവശേഷിക്കുന്ന പ്രവൃത്തികൾ നടത്തിയതായി (ഫൈനൽ ബില്ല്, എം ബുക്ക് )രേഖയില്ല. ഗുണഭോക്താവ് വരവ് ചെലവ് കണക്കുകൾ രേഖപ്പെടുത്തിട്ടില്ല. കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കേണ്ടതണെന്നറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/4-11-16)മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ 2015-16 വർഷത്തെ ചെലവ് 41,440/രൂപ തടസ്സപ്പെടുത്തുന്നു. പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്.

## 3-12 ആശ്രയ പദ്ധതി -പുരോഗതി വിവരം(ജനറൽഒന്നാം ഘട്ടം)

ആശ്രയ പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ 2010-2011 വർഷം റി-വിസിറ്റ് നടത്തി തയ്യാറാക്കിയ പ്രോജക്റ്റ് പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. അതിനാൽ വകയിരുത്തിയ തുക, കുടുംബങ്ങളുടെ എണ്ണം ഇവയുടെ വിവരം ലഭ്യമല്ല. എന്നിരുന്നാലും അനുബന്ധ പാസ്ബുക്കിൽ (അക്കൗണ്ട് നം. 8791-കോ-ഓപ്പറേറ്റീവ് ബാങ്ക് തരിയോട്) 31-3-2016 ന് അവശേഷിക്കുന്ന തുക (പലിശ സഹിതം) 4,87,224/രൂപ. പ്രോജക്റ്റിന്റെ കാലവധി തീർന്നതിനാൽ നിലവിൽ ഇടപാടുകളൊന്നും നടക്കുന്നില്ല. തുക തിരിച്ചടയ്ക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

നിലവിൽ ജനറൽ വിഭാഗക്കാർക്കും, എസ് ടി വിഭാഗക്കാർക്കും,പ്രത്യേകം പ്രോജക്റ്റ് തയ്യാറാക്കിയിട്ടുണ്ട്. വിവരം ചുവടെ ചേർക്കുന്നു.

എസ് ടി പ്രോജക്റ്റ്-കാലയളവ് 2013-14മുതൽ 2015-16

| ഇനം | ആവശ്യമായ തുക | ഫണ്ട് വിവരം |
|---|---|---|
| ഭക്ഷണം | 17,67,600 | കുടുംബശ്രീ-ചലഞ്ച് ഫണ്ട് |
| ചികിത്സ | 18,35,500 | -ടി- |
| വസ്ത്രം | 7,38,000 | -ടി- |
| പെൻഷൻ | 13,500 | -ടി- |
| വൈദ്യുതി | 1,70,000 | പഞ്ചായത്ത് ഫണ്ട് |
| വിദ്യാഭ്യാസം | 1,26,000 | ചലഞ്ച് ഫണ്ട് |
| വീട് റിപ്പയർ | 8,75,000 | പഞ്ചായത്ത് ഫണ്ട് |
| ഭൂമി നൽകൽ | 15,30,000 | -ടി- |
| വീട് | 1,32,50,000 | -ടി- |
| കക്കൂസ് | 7,28,000 | -ടി- |

| | | |
|---|---|---|
| കുടിവെള്ളം | 17,80,000 | -ടി- |
| ഡോക്യുമെന്റേഷൻ | 10000 | -ടി- |
| ആകെ | 2,18,23,600/- | |

പ്രോജക്ട് പ്രകാരം 2,18,23,600/- രൂപ വകയിരുത്തിയെങ്കിലും ലഭിച്ചത് ഭക്ഷണം, ചികിത്സ എന്നിവയ്ക്കായി 11,63,533/ രൂപ മാത്രമാണ്. (തിയ്യതി 23-12-14 ന് ഡിഡി വിവരം ലഭ്യമല്ല) ആയത് ബാങ്കിൽ വരവ് വെച്ചിട്ടുണ്ട് (അക്കൗണ്ട് നം. 10516-കോ -ഓപ്പറേറ്റീവ് ബാങ്ക് തരിയോട്). പ്രോജക്ട് പ്രകാരം കുടുബങ്ങളുടെ എണ്ണം-153, ഗുണഭോക്താക്കളുടെ എണ്ണം-322. ഗുണഭോക്താക്കൾക്ക് പഞ്ചായത്തിൽ നിന്നും തൻവർഷം ഭവന നിർമാണം, സ്ഥലം വാങ്ങൽ, വീട് റിപ്പയർ എന്നീ ആനുകൂല്യങ്ങൾ ഒന്നും തന്നെ നൽകിയിട്ടില്ല. ഭക്ഷണത്തിന് മാത്രമാണ് തുക ചെലവഴിച്ചിട്ടുള്ളത്. 31-9-16 ന് അക്കൗണ്ടിൽ അവശേഷിക്കുന്ന തുക പലിശ സഹിതം 2,19,885/രൂപ. അവശേഷിക്കുന്നത് പരിമിതമായ തുകയായതിനാൽ 31-9-16ന് ശേഷം ഭക്ഷണ വിതരണം നടത്തിയിട്ടില്ല. മാത്രമല്ല പ്രോജക്ട് കാലവധി അവസാനിച്ചു. തുടർവർഷ പ്രോജക്ട് തയ്യാറാക്കിയിട്ടില്ല. അവശേഷിക്കുന്ന തുക 2,19,885/- രൂപ തിരിച്ചടയ്ക്കേണ്ടതാണ്.

<u>ജനറൽ രണ്ടാം ഘട്ടം. പ്രോജക്ട്-കാലയളവ് 2013-15 മുതൽ 2016-17</u>

വകയിരുത്തിയ തുക ചുവടെ ചേർക്കുന്നു.

| ഇനം | ആവശ്യമായ തുക | ഫണ്ട് വിവരം |
|---|---|---|
| ഭക്ഷണം | 9,46,800 | കുടുംബശ്രീ-ചലഞ്ച് ഫണ്ട് |
| ചികിത്സ | 2,86,500 | -ടി- |
| പെൻഷൻ | 4,500 | പഞ്ചായത്ത് ഫണ്ട് |
| വൈദ്യുതി | 22,000 | -ടി- |
| വിദ്യാഭ്യാസം | 39,000 | ചലഞ്ച് ഫണ്ട് |
| വീട് റിപ്പയർ | 4,95,000 | പഞ്ചായത്ത് ഫണ്ട് |
| ഭൂമി നൽകൽ | 6,30,000 | -ടി- |
| വീട് | 66,00,000 | -ടി- |
| കക്കൂസ് | 39,2000 | -ടി- |
| കുടിവെള്ളം | 3,10,000 | -ടി- |
| ഡോക്യുമെന്റേഷൻ | 10000 | കുടുംബശ്രീ-ചലഞ്ച് ഫണ്ട് |
| ആകെ | 97,35,800/- | |

പ്രോജക്ട് പ്രകാരം 97,35,800/- രൂപ വകയിരുത്തിയെങ്കിലും ലഭിച്ചത് ഭക്ഷണം, ചികിത്സ എന്നിവയ്ക്കായി 4,27,433/- രൂപമാത്രമാണ്. (തിയ്യതി 23-12-14ന് ഡിഡി വിവരം ലഭ്യമല്ല) ആയത് ബാങ്കിൽ വരവ് വെച്ചിട്ടുണ്ട് (അക്കൗണ്ട് നം. 10517-കോ -ഓപ്പറേറ്റീവ് ബാങ്ക് തരിയോട്). പ്രോജക്ട് പ്രകാരം കുടുബങ്ങളുടെ എണ്ണം-86 ഗുണഭോക്താക്കളുടെ എണ്ണം-132. ഗുണഭോക്താക്കൾക്ക് പഞ്ചായത്തിൽ നിന്നും തൻവർഷം ഭവന നിർമാണത്തിന് രണ്ട് പേർക്കും വീട് റിപ്പയറിന് നാല് പേർക്കും ധനസഹായം ലഭിച്ചിട്ടുണ്ട്.

ചലഞ്ച് ഫണ്ടിനത്തിൽ ലഭിച്ച തുക ഭക്ഷണത്തിന് മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. 31-9-16 ന് അക്കൗണ്ടിൽ അവശേഷിക്കുന്ന തുക പലിശ സഹിതം 33,128/രൂപ. അവശേഷിക്കുന്നത് പരിമിതമായ തുകയായതിനാൽ 30-9-16ന് ശേഷം ഭക്ഷണ വിതരണം നടത്തിയിട്ടില്ല. പ്രോജക്ട് പ്രകാരം അതിജീവന ആവശ്യങ്ങൾക്ക് വകയിരുത്തിയ (ഭക്ഷണ, വസ്ത്രം, പെൻഷൻ, ചികിത്സ, വിദ്യാഭ്യാസം) ഇനത്തിൽ ഭക്ഷണത്തിന് മാത്രമാണ് തുക ലഭിച്ചത്. മറ്റ് ഇനങ്ങളിൽ വകയിരുത്തിയ തുക ലഭിക്കാത്തതും പഞ്ചായത്ത്

ഫണ്ട് ലഭിക്കാത്തതും ആശ്രയ ഗുണഭോക്താക്കളെ അവഗണിക്കുന്നതിന് തുല്ല്യമാണ്. വർഷംതോറും റീ-വിസിറ്റ് നടത്തി ഗുണഭോക്താക്കളുടെ ആവശ്യകത കണ്ടെത്തി മുൻഗണന ലിസ്റ്റ് തയ്യാറാക്കി ഗുണഭോക്താക്കൾക്ക് ധനസഹായം ലഭിച്ചുവെന്ന് ഉറപ്പുവരുത്തുന്നതിലേയ്ക്കായി അധികൃതരുടെ ശ്രദ്ധ ക്ഷണിക്കുന്നു. അക്കൗണ്ടിൽ അവശേഷിക്കുന്ന തുക കുടുംബശ്രീ ജില്ലാ മിഷനിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1. സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 37,500 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി(10/16) | 0 | 37,500 |
| ജില്ലാ പഞ്ചായത്ത് | 37,500 | നെൽകൃഷിക്ക്കൂലിച്ചെലവ് സബ്സിഡി(10/16) | 0 | 37,500 |
| കേന്ദ്ര വിഹിതം | 15,60,000 | സാനിറ്ററി യൂണിറ്റുകൾ ജനറൽ(72/16) | 0 | 15,60,000 |
| -ടി- | 14,40,000 | സാനിറ്ററി യൂണിറ്റുകൾ എസ്.ടി(80/16) | 0 | 14,40,000 |
| -ടി- | 15,60,000 | വ്യക്തിഗത കക്കൂസ് നിർമ്മാണം(137/16) | 2,52,000 | 13,08,000 |
| -ടി- | 10,00,000 | WGDPകാവുംമന്ദം വനിത സമുച്ചയം(14/16) | 1,97,446 | 8,02,554 |
| -ടി- | 10,00,000 | പൊതുശ്മശാനം സ്ഥാപിക്കൽ (46/16) | 0 | 10,00,000 |
| -ടി- | 6,00,000 | മഞ്ഞൂറ അംഗനവാടി കെട്ടിടം (149/16) | 0 | 6,00,000 |

| | | | | |
|---|---|---|---|---|
| -ടി- | 10,00,000 | WGDPകാവ്യംമന്ദം വനിത സമുച്ചയം(14/16) | 2,59,406 | 7,40,594 |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

--ഇല്ല--

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-4. വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | | 57,50,000 | 10,01,900 | 4,20,000 | 0 | 5,81,900 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-6. ഓഡിറ്റ് റിക്കവറി

| ഓഡിറ്റ് വർഷം | ഖണ്ഡിക | തുക | തുക ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/ തീയതി |
|---|---|---|---|---|
| 1997-98 | | 6600 | ശ്രീ സണ്ണി മാത്യൂ | 11505100413/ 14.05.2015 |
| 2008-09 | 3-3 , 3-4 | 2640 | കെസ്സി എം.ടി | 11505101428/ 17.02.2016 |
| | ആകെ | 9240 | | |

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

--ഇല്ല--

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 3,23,22,485 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 4,56,49,345 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 7,49,358 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 65,000 | ശ്രീ. എ. ആർ ജയകൃഷ്ണൻ, സെക്രട്ടറി |
| 3-6 | 1,88,256 | ശ്രീ. അനിൽ രാമകൃഷ്ണൻ , സെക്രട്ടറി (അഡീഷണൽ ചാർജ്ജ് ) |
| 3-7 | 61,437 | ഡോ. സലില, മെഡിക്കൽ ഓഫീസർ സി .എച്ച്.സി |
| | 62,467 | ഡോ. കിഷോർ, മെഡിക്കൽ ഓഫീസർ സി.എച്ച്.സി |
| | 2,26,096 | ഡോ. വിജേഷ്, മെഡിക്കൽ ഓഫീസർ സി.എച്ച് .സി |
| 3-9 | 104662 | ശ്രീ മുനവർ, അസി. എഞ്ചിനീയർ |
| 3-11 | 41,440 | ശ്രീ മുനവർ, അസി. എഞ്ചിനീയർ |
| ആകെ | 7,49,358 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

--ഇല്ല--

## 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ . എഫ് പി 2-532/98/17.11.98 |
| 1997-98 | എൽ. എഫ് (ഡബ്ല്യൂ) പി 3-624/00/28.3.01 |
| 1998-99,plan | എൽ. എഫ് (ഡബ്ല്യൂ)പി 1-88/2007/2.3.07 |
| 1998-99 | എൽ . എഫ് (ഡബ്ല്യൂ )പി 3-607/04/5.8.2005 |
| 1999-00 | എൽ. എഫ് (ഡബ്ല്യൂ )പി 1-294/04/3.8.06 |
| 2000-01,plan | എൽ. എഫ് (ഡബ്ല്യൂ )പി 1-295/04/31.12.2004 |
| 2001-02,plan | എൽ. എഫ് (ഡബ്ല്യൂ )പി 1-296/04/3.8.06 |
| 2001-02 | എൽ. എഫ് (ഡബ്ല്യൂ )പി 1 -168/2007/17.8.2007 |
| 2002-03 | എൽ. എഫ് (ഡബ്ല്യൂ )പി 1-400/2007/11.3.2008 |
| 2003-04 | എൽ. എഫ് (ഡബ്ല്യൂ )പി 1-1118/2008/31.12.2008 |
| 2004-05 | എൽ. എഫ് (ഡബ്ല്യൂ )പി 1-1117/08/4.2.13 |
| 2005-06 | എൽ. എഫ് (ഡബ്ല്യൂ )പി 1-1168/08/3.3.2009 |
| 2006-07 | എൽ. എഫ് (ഡബ്ല്യൂ )പി 1-661/10/17.1.13 |
| 2007-08 | എൽ. എഫ് (ഡബ്ല്യൂ )പി 1-90/13/15.2.12 |
| 2008-09 | എൽ. എഫ് (ഡബ്ല്യൂ )പി 1-377/13/13.5.14 |
| 2009-10 | എൽ. എഫ് (ഡബ്ല്യൂ )പി 1-561/11/17.10.11 |
| 2010-11 | എൽ. എഫ് (ഡബ്ല്യൂ )പി 1-221/14/15.7.14 |
| 2011-12 | എൽ. എഫ് (ഡബ്ല്യൂ )പി 1-258/14/18.2.15 |
| 2012-13 | എൽ. എഫ് (ഡബ്ല്യൂ )പി 1-2154/23.3.15 |

| | |
|---|---|
| 2013-14, 2014-15 | കെ.എസ്.എ .ഡബ്ല്യൂ.വൈ.ഡി P1-22/16/8.3.16 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്.

# A1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി -1/772/16 തിയ്യതി : 05.12.2016.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട്, കൽപ്പറ്റ.

പിൻ -673121

Phone- 04936 203672

Email- dowyd.ksad@kerala.gov.in

സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് വകുപ്പ് നിയമത്തിന്റെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും വയനാട് ജില്ലയിലെ തരിയോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തരിയോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്.

AUDIT CERTIFICATE

No. KSA.WYD P1/772/16 Dated- 05.12.2016.

Kerala State Audit Department

District Audit Office,

Wayanad, Kalpetta ,

Email- dowyd.ksad@kerala.gov.in

CERTIFICATE

Certified that I have audited the Annual Financial Statement of .Thariode GramaPanchayat in Wayanad District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the financial statements of Thariode Gramapanchayat for the year 2015-16, except the observations in My audit report, properly presents the picture of income and expenditure.

Senior Deputy Director
Kerala Stat Audit Department,
District office, Wayanad.